പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ഐ. എ .വൈ പദ്ധതി - ഇടർഗഡു

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5349 | 28.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 2014 - 15 വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഐ.എ.വൈ. പദ്ധതി പ്രകാരം രണ്ടാംഗഡു ലഭിച്ചിരുന്നത്; രണ്ടാം ഗഡു ലഭിക്കാത്തതുമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 2014-15 വർഷത്തിലെ രണ്ടാം ഗഡു ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | 2014-15-ൽ സംസ്ഥാനത്ത് ഒരു ജില്ലയ്ക്കും ഇന്ദിര ആവാസ് യോജനയുടെ രണ്ടാംഗഡു കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.<br>രണ്ടാംഗഡുവായി ലഭ്യമാകേണ്ട തുക 16171.43 ലക്ഷം രൂപയാണ്.<br>രണ്ടാംഗഡു കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 2014 നവംബർ മാസത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. രണ്ടാംഗഡുവിനുള്ള അപേക്ഷ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.<br>2014-15 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട രണ്ടാംഗഡു തുക നഷ്ടപ്പെട്ടിട്ടില്ല. വിഷയം കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.<br>ഭവന നിർമ്മാണം തടസ്സപ്പെടാത്ത തരത്തിൽ മുന്നോട്ടു പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2014 - 15 വർഷത്തിൽ നഷ്ടമായ തുക 15-16 വർഷത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (സി) | 2014 - 15 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾക്ക് ഇടർഗഡു നൽകാത്തതു കാരണം ഭവന നിർമ്മാണം പാതി വഴിയിലായ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ